ഉത്തരം

(എ&ബി) ഉണ്ട്.

(സി) 2 എണ്ണം.

(ഡി) ഉണ്ട്.

(ഇ) നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ കീഴിൽ വരുന്ന പുന്നയ്ക്കാട്, മാമ്പഴക്കര എന്നീ രണ്ട് വാർഡുകളിൽ സബ് സെന്ററുകൾ സ്ഥാപിക്കണ മെന്നാണ് നഗരസഭ ആവശ്യപ്പെട്ടിരിക്കുന്നത്. പുന്നയ്ക്കാട് സബ് സെന്റർ ആരംഭി ക്കാനുദ്ദേശിക്കുന്ന സ്ഥലം ജില്ലാ മെഡിക്കൽ ഓഫീസർ സന്ദർശിക്കുകയുണ്ടാ യെങ്കിലും സബ്സെന്റർ അനുവദിക്കുന്നതിനെച്ചൊല്ലി അഭിപ്രായവ്യത്യാസം നിലനിൽക്കുന്നുണ്ടെന്ന മുനിസിപ്പൽ ചെയർമാന്റെ അറിയിപ്പിന്റെ അടിസ്ഥാന ത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ മടങ്ങിപ്പോകുകയുണ്ടായി. മാമ്പഴക്കര വാർഡിൽ സബ്സെന്റർ ആരംഭിക്കണമെന്ന ആവശ്യം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) നിവേദനം ലഭിച്ചിട്ടില്ല.

ഭാരതീയ ചികിത്സാ വകുപ്പിൽ ഫാർമസിസ്റ്റുമാരുടെ ഒഴിവുകൾ

89 (8149) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഭാരതീയ ചികിത്സാ വകുപ്പിൽ ഫാർമസിസ്റ്റുമാരുടെ എത്ര ഒഴിവുകളു ണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ ഒഴിവുണ്ടെന്ന് വിശദ മാക്കാമോ ;

(സി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭാരതീയ ചികിത്സാ വകുപ്പിൽ ഫാർമസിസ്റ്റുമാരുടെ 134 ഒഴിവുകൾ നിലവിലുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1.	തിരുവനന്തപുരം	3
2.	കൊല്ലം	3
3.	ആലപ്പുഴ	2
4.	പത്തനംതിട്ട	16
5.	കോട്ടയം	12
6.	ഇടുക്കി	14
7.	എറണാകുളം	10
8.	തൃശ്ശൂർ	33
9.	പാലക്കാട്	10
10.	മലപ്പുറം	11
11.	കോഴിക്കോട്	2
12.	വയനാട്	1
13	കണ്ണൂർ	12
14.	കാസർഗോഡ്	4
15.	ഗവൺമെന്റ് ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ ഡിസീസസ്, കോട്ടയ്ക്കൽ	1
	ആകെ	134

(ബി) കണ്ണൂർ ജില്ലയിൽ ഫാർമസിസ്റ്റിന്റെ ഒഴിവുകളുള്ള സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

1. ജില്ലാ ആയുർവ്വേദ ആശുപത്രി, കണ്ണൂർ
2. ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, പിണറായി
3. ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, മുഴക്കുന്ന്
4. ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, ചെമ്പുക്കാവ്
5. ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, കീഴൂർ-ചാവശ്ശേരി
6. ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, മാങ്ങാടിടം
7. ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, നൃമാഹി
8. ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, പടിയൂർ
9. ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, കരിയാട്
10. ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, പേരാവൂർ
11. ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, കോളയാട്
12. ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, മലപ്പട്ടം

(സി) 134 ഒഴിവുകളിൽ 32 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. അവ വകുപ്പിലെ സ്പെഷ്യൽ റൂളിന് വിധേയമായി നികത്തുന്നതാണ്.

ആയുഷ് ഹോളിസ്റ്റിക് സെന്റർ

90 (8150) ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആയുഷ് ഹോളിസ്റ്റിക് സെന്ററിന്റെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly